# വീട്ടിനകത്തും സുരക്ഷിതത്വമില്ലാതെ

ബി.എം സുഹറ



**നമ്മുടെ** സംസ്കാര പാരമ്പര്യത്തെ പുറംകാലുകൊണ്ട് തട്ടി മാറ്റി ആധുനികതയുടെ പിന്നാലെ പായുന്ന യുവതലമുറ പഴയ തലമുറയെ കുറച്ചൊന്നുമല്ല അമ്പരപ്പിക്കുകയും അസ്വസ്ഥരാക്കുകയും ചെയ്യുന്നത്. പാശ്ചാത്യ സംസ്കാരത്തിന്റെ പിന്നാലെയുള്ള അന്ധമായ പാച്ചിലിൽ സ്വന്തം പൈതൃകം നഷ്ടപ്പെടുന്നത് പലരും അറിയാതെ പോകുന്നു. സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ ക്രമാതീതമായി വർധിക്കുന്നതിന് ഇതൊരു കാരണമല്ലേ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസനിലവാരം കൂടുമ്പോൾ ജനം സംസ്കാര സമ്പന്നരാവുമെന്ന നമ്മുടെ വിശ്വാസത്തിനു കടകവിരുദ്ധമാണ് ഇന്നത്തെ അവസ്ഥ. വിവരസാങ്കേതികവിദ്യ ദിനേനെയന്നോണം കുതിച്ചുചാട്ടം നടത്തുമ്പോൾ സ്ത്രീകൾ കൂടുതലായി ഇരകളാകുന്നു, ചൂഷിതരാകുന്നു.

ഇന്ന് കേരളത്തിൽ, അസമയത്ത് പൊതുസ്ഥലങ്ങളിൽ അകപ്പെടുന്ന സ്ത്രീകൾ സ്വയംരക്ഷക്ക് ആയുധമെടുക്കേണ്ട ഗതികേടിലാണ്. പൊതുവെ കേരളത്തിലെ സ്ത്രീ–പുരുഷാനുപാതം, സാമൂഹികവ്യവസ്ഥിതി, വിദ്യാഭ്യാസ നിലവാരം, ആരോഗ്യസ്ഥിതി ഒക്കെയും മെച്ചപ്പെട്ട നിലയിലാണ്. എന്നിട്ടും കേരളത്തിൽ സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ വർധിച്ചുവരുന്നു എന്നതാണ് ഞെട്ടിക്കുന്ന സത്യം. പുരുഷന്മാരെപ്പോലെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇന്ന് സ്ത്രീകളും പ്രവർത്തിക്കുന്നു. അതുകൊണ്ടുതന്നെ പുരുഷന്മാരെപ്പോലെ രാപ്പകൽ വ്യത്യാസമില്ലാതെ അവർക്കും യാത്ര ചെയ്യേണ്ടിവരുന്നു. അത്തരം സ്ത്രീകൾ നേരിടേണ്ടിവരുന്ന തിക്താനുഭവങ്ങൾ കേരളത്തിലെ പുരുഷന്മാരെ ലജ്ജിപ്പിക്കുന്നതാണ്. മുമ്പ് സ്ത്രീകൾ വീട്ടിനകത്തെങ്കിലും സുരക്ഷിതരായിരുന്നു. ഇന്ന് ആ സുരക്ഷിതത്വവും സ്ത്രീകൾക്ക് നഷ്ടമായിത്തുടങ്ങിയിരിക്കുന്നു. ടി.വി–സിനിമാ പരസ്യങ്ങൾ, ആഗോളവത്കരണത്തിന്റെ ഭാഗമായുണ്ടായ ആഭാസദൃശ്യ പ്രകടനങ്ങൾ തുടങ്ങിയവ സ്ത്രീകൾക്കു നേരെയുണ്ടാകുന്ന വർധിച്ചുവരുന്ന അതിക്രമങ്ങൾക്ക് ആക്കം കൂട്ടുന്നുണ്ട്.

പുരുഷന്മാരെ ആവശ്യത്തിനും അനാവശ്യത്തിനും തള്ളിപ്പറഞ്ഞതുകൊണ്ടോ തമസ്കരിച്ചതുകൊണ്ടോ സ്ത്രീ സ്വതന്ത്രയാവുന്നില്ല. സ്ത്രീ ഉണരണം. ലോകത്തിനെന്തു സംഭവിക്കുന്നു എന്നു നിരീക്ഷിച്ചുകൊണ്ടിരിക്കണം. നല്ലത് ഉൾക്കൊള്ളാനും

തീയത് തള്ളിക്കളയാനും തയാറാവണം. സ്ത്രീക്ക് അവളുടെതായ വ്യക്തിത്വമുണ്ട്, വികാരവിചാരങ്ങളുണ്ട്. അത് പണയപ്പെടുത്താതെ ജീവിക്കാനുള്ള തന്റേടം സ്ത്രീ ആർജിക്കേണ്ടിയിരിക്കുന്നു. പുരുഷന്മാരെ നിരാകരിച്ചുകൊണ്ട് ജീവിക്കുക എന്നല്ല അതിനർഥം. പരസ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും സഹകരിക്കുകയും ചെയ്യുന്ന ഒരു യുവതലമുറയാണ് നമുക്കാവശ്യം. സ്ത്രീയും പുരുഷനും വിഘടിച്ചു നിൽക്കേണ്ടവരല്ല, സഹകരിച്ചു പ്രവർത്തിക്കേണ്ടവരാണ് എന്ന ആശയമാണ് സ്ത്രീ സംഘടനകൾ പ്രചരിപ്പിക്കേണ്ടത്.

സത്യസന്ധമായി സമൂഹത്തോടു പ്രതികരിക്കുന്ന വ്യക്തികളെയും സംഘടനകളെയും എഴുത്തുകാരെയും മാനസികമായി പീഡിപ്പിക്കുക പണ്ടുമുതലേയുള്ളതാണ്. സ്ത്രീരചനകളിൽ എഴുത്തുകാരികളുടെ ആത്മാംശം കണ്ടെത്താൻ ശ്രമിക്കുന്ന വായനക്കാരും നിരൂപകരും ആണ് അന്നും ഇന്നും ഏറെയുള്ളത്. എഴുത്തുകാരികളുടെ സ്വകാര്യ ജീവിതത്തിലേക്ക് ഒളിഞ്ഞുനോക്കുകയും അവരുടെ കഥാപാത്രങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും രചയിതാവിന്റെതാണെന്ന് സ്ഥാപിച്ചെടുക്കുകയും ചെയ്തുകൊണ്ടാണ് അവരെ മാനസികമായി തകർക്കുന്നത്; പ്രത്യേകിച്ച് പ്രേമബന്ധങ്ങളും വിവാഹേതരബന്ധങ്ങളും.

പഴയ കാലത്തായാലും പുതിയ കാലത്തായാലും സാഹിത്യരംഗത്തും പൊതുരംഗത്തും പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് പൊതുജീവിതവും കുടുംബജീവിതവും ഒന്നിച്ചുകൊണ്ടുപോകാൻ ത്യാഗങ്ങൾ ഏറെ സഹിക്കേണ്ടിവരുന്നു. മാനസിക സംഘർഷങ്ങളും ഏറെ അനുഭവിക്കേണ്ടിവരുന്നു. എന്നിട്ടും ഇന്നത്തെ സ്ത്രീകൾ ശക്തമായും തീവ്രമായും സമൂഹത്തോടു പ്രതികരിക്കുന്നു എന്നുള്ളത് വലിയൊരു നേട്ടം തന്നെയാണ്.

സാമൂഹികവും സാമ്പത്തികവുമായ ചുറ്റുപാടുകളുടെ അടിസ്ഥാനത്തിലാവണം സ്ത്രീപ്രശ്നങ്ങൾ വിലയിരുത്തേണ്ടത്. താഴ്ന്ന വരുമാനക്കാരായ സ്ത്രീകളുടെ പ്രശ്നങ്ങളായിരിക്കില്ല ഉയർന്ന വരുമാനക്കാരായ സ്ത്രീകൾക്ക് നേരിടേണ്ടിവരുന്നത്. ഇടത്തരക്കാരായ കുടുംബിനികൾക്ക് അവരുടെതായ ദുഃഖങ്ങളും പങ്കപ്പാടുകളുമായിരിക്കും തരണം ചെയ്യേണ്ടിവരുന്നത്. പണപ്പെരുപ്പവും വർധിച്ചുവരുന്ന വിദ്യാഭ്യാസ ചെലവുകളും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും ഇടത്തരക്കാരുടെ കുടുംബബജറ്റിന്റെ താളം തെറ്റിച്ചിരിക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ടുകൾ സ്ത്രീകളെ വരുമാനം കിട്ടുന്ന ജോലി ചെയ്യാനും പുറത്തിറങ്ങി പ്രവർത്തിക്കാനും നിർബന്ധിതരാക്കുന്നു. അതോടെ സ്ത്രീകളുടെ ബാധ്യത ഏറുകയും സ്വസ്ഥത നഷ്ടപ്പെടുകയും ചെയ്തു എന്നുള്ളതാണ് വാസ്തവം. കുടുംബഭാരം ചുമക്കുന്നതിനിടയിൽ ജീവിക്കാനുള്ള അവകാശം പോലും പല സ്ത്രീകൾക്കും നഷ്ടപ്പെടുന്നു.

ഓരോരുത്തരും വിഭിന്ന ജാതികളിലും മതങ്ങളിലും ജനിക്കുന്നത് നമ്മുടെ ആവശ്യപ്രകാരമോ ആഗ്രഹപ്രകാരമോ അല്ല. സ്ത്രീയായാലും പുരുഷനായാലും ജനിക്കുന്നതിലും മരിക്കുന്നതിലും നമുക്കൊരു പങ്കുമില്ല.അതൊക്കെ പ്രകൃതിപരമായ കാര്യങ്ങളാണ്. ഏതു മതവിഭാഗത്തിൽ ജനിക്കുന്നുവോ ആ മതത്തിലെ ആചാരാനുഷ്ഠാനങ്ങൾ പിന്തുടരാനും മതചിട്ടകൾക്കനുസരിച്ച് ജീവിക്കാനും നാം ബാധ്യസ്ഥരാവുകയാണ്. യഥാർഥ മതവിശ്വാസി മറ്റൊരു മതവിശ്വാസിയെ അറിഞ്ഞുകൊണ്ട് ദ്രോഹിക്കുകയില്ലെന്ന വിശ്വാസക്കാരിയാണ് ഞാൻ. പരസ്പരം സ്നേഹിക്കാനും ഒത്തൊരുമിച്ച് ജീവിക്കാനുമാണ് എല്ലാ മതഗ്രന്ഥങ്ങളും പഠിപ്പിക്കുന്നത്. അല്ലാതെ

പരസ്പരം കലഹിക്കാനും പോരടിക്കാനുമല്ല. ഈ തത്ത്വം പ്രാവർത്തികമാക്കാൻ സാധിച്ചില്ലെങ്കിൽ നമ്മുടെ പുതുതലമുറ ഇരുട്ടിൽ വഴിയറിയാത്തവരായി ഉഴറേണ്ടി വരും.

ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീയെ രണ്ടാംകിടക്കാരിയായി ചിത്രീകരിക്കാനുള്ള പ്രവണത പണ്ടുമുതലേയുള്ളതാണ്. ഒരു ശരാശരി സ്ത്രീ ഇന്നും അവൾക്കുവേണ്ടി വളരെക്കുറച്ച് സമയം മാത്രമേ ചെലവഴിക്കുന്നുള്ളൂ. കുടുംബത്തിനുവേണ്ടി ജീവിക്കുന്നവരാണ് ഏറിയ പങ്കും. കുടുംബം എന്നു പറയുമ്പോൾ ഭർത്താവും മക്കളും മാത്രമല്ല. മാതാപിതാക്കൾ, സഹോദരീ സഹോദരന്മാർ, സന്ധുബന്ധുക്കൾ... പട്ടിക നീളുന്നു. തനിക്കും ജീവിക്കാൻ ഇടവും അവസരവും വേണമെന്ന് ഒരു സ്ത്രീ വാദിക്കുമ്പോൾ വീട്ടിനകത്തും പുറത്തും അപ്രതീക്ഷിതവും അസുഖകരവുമായ പല മാറ്റങ്ങളും ക്രമീകരണങ്ങളും വേണ്ടിവന്നേക്കും. അത്തരം മാറ്റങ്ങൾ ഉൾക്കൊള്ളാനും അവയോട് സഹകരിക്കാനും ഇരുകൂട്ടരും വിസമ്മതിക്കുമ്പോഴാണ് വീട്ടിനകത്തും പുറത്തും അസ്വാരസ്യങ്ങളുണ്ടാവുന്നത്. മാതൃത്വം സ്ത്രീയുടെ ബാധ്യതയാണെന്നതുപോലെ അവകാശവുമാണ്. പക്ഷേ ഇന്ന് ജോലിഭാരം മൂലം വിവാഹം നീട്ടിവെക്കുകയോ വിവാഹജീവിതം വേണ്ടെന്നു വെക്കുകയോ ചെയ്യുന്ന പ്രഫഷനലുകളുടെ എണ്ണം ഏറി വരുന്നതായിട്ടാണ് പഠനങ്ങൾ തെളിയിക്കുന്നത്. തൊഴിലിടമോ തൊഴിലുടമയോ മുന്നോട്ടുവെക്കുന്ന ടാർഗറ്റ് തികക്കാനുള്ള നെട്ടോട്ടത്തിനിടയിൽ ഇങ്ങനെയൊരു തീരുമാനമെടുക്കാൻ നിർബന്ധിതരാകുന്ന സ്ത്രീ പ്രഫഷനലുകളുടെ എണ്ണം ക്രമാതീതമായി വർധിച്ചുവരുന്നതായിട്ടാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കുടുംബജീവിതത്തിലെ ഇത്തരം താളപ്പിഴകൾ സാമൂഹികജീവിതത്തിന്റെയും താളം തെറ്റിച്ചിരിക്കുന്നു.

ഏതു ദുരന്തങ്ങളുടെയും തിക്തഫലങ്ങൾ എപ്പോഴും കൂടുതലായി അനുഭവിക്കേണ്ടിവരുന്നത് സ്ത്രീകളാണ്. മദ്യപാനികളായ ഭർത്താക്കന്മാരുടെ പീഡനം സഹിക്കവയ്യാതെയാണ് മദ്യത്തിനെതിരായുള്ള സമരങ്ങൾ നയിക്കാൻ സ്ത്രീകൾ മുന്നിട്ടിറങ്ങുന്നത്. ദാരിദ്ര്യവും പട്ടിണിയും പൊറുതി മുട്ടിക്കുന്നതുകൊണ്ടു മാത്രം സമരത്തിനിറങ്ങുന്ന സ്ത്രീകളുമുണ്ടെന്ന് നാം കാണേണ്ടിയിരിക്കുന്നു.

സ്ത്രീകളെ അധികാരത്തിൽനിന്ന് അകറ്റിനിർത്താൻ ഇവിടെ എന്നും രാഷ്ട്രീയ പാർട്ടികൾ തമ്മിൽ മത്സരമാണ്. സ്ത്രീ എക്കാലത്തും തന്നെ അനുസരിക്കുന്നവളായി കഴിയണമെന്ന പുരുഷന്റെ ശാഠ്യമല്ലേ ഇതിനു പിന്നിലെ അജണ്ട എന്നു സ്ത്രീകൾ സംശയിക്കുന്നതിൽ തെറ്റുണ്ടോ? വിപ്ലവപാർട്ടികളായാലും മതാധിഷ്ഠിതപാർട്ടികളായാലും സ്ത്രീയെ അധികാരത്തിൽനിന്ന് അകറ്റി നിർത്തുന്നതിൽ കിടമത്സരമാണ്. പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകളും അവരുടെ കാഴ്ചപ്പാടുകളിൽ മാറ്റം വരുത്തിയാലേ ഇതിനൊരറുതി വരുത്താൻ സാധിക്കുകയുള്ളൂ.

അധികാരം എവിടെയുണ്ടോ അവിടെ അഴിമതിയുമുണ്ട് എന്നതാണ് ഇന്നത്തെ അവസ്ഥ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന സ്ത്രീകളുടെ മേൽ അഴിമതിയാരോപണങ്ങൾ ഉന്നയിച്ചും മാനസികമായി പീഡിപ്പിച്ച് മനോവീര്യം കെടുത്തിയും സ്ഥാനഭ്രഷ്ടരാക്കുന്നത് നിത്യസംഭവമാണ്. സ്ത്രീകളുടെയും പുരുഷന്മാരുടെയും കാഴ്ചപ്പാടുകളിൽ മാറ്റം വരാതെ ഇതിനൊന്നും അറുതി വരുത്താനാകുമെന്നു തോന്നുന്നില്ല.

സ്ത്രീകൾ വസ്ത്രം ധരിക്കുന്നതും അണിഞ്ഞൊരുങ്ങുന്നതും പുരുഷനെ ആകർഷിക്കാനാണ് എന്ന അബദ്ധധാരണ തിരുത്തിക്കുറിക്കാൻ മുന്നിട്ടിറങ്ങേണ്ടത്

സ്ത്രീകളാണ്. സ്വന്തം ഇഷ്ടത്തിനൊത്ത് വസ്ത്രം ധരിക്കുക എന്നത് പുരുഷനെ പോലെ സ്ത്രീയുടെയും അവകാശമാണ്, ഔദാര്യമല്ല. മേനിയഴക് കാണിച്ച് പുരുഷനെ ആകർഷിക്കുകയും തൃപ്തിപ്പെടുത്തുകയും മാത്രമല്ല സ്ത്രീകളുടെ ധർമമെന്ന് പുതുതലമുറയിലെ പെൺകുട്ടികളെ ബോധവൽക്കരിക്കേണ്ട ചുമതല സ്ത്രീകൾ ഏറ്റെടുത്തേ മതിയാകൂ. വീട്ടിൽനിന്നാകണം തുടക്കം. വീടിനോടും നാടിനോടും സമൂഹത്തോടും അവൾക്കും അവളുടെതായ ബാധ്യതകളും കടപ്പാടുകളുമുണ്ടെന്ന് നാം കുട്ടികളെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. സ്ത്രീശരീരത്തെ കച്ചവടവസ്തുവാക്കുന്ന ഒരു പുതിയ സംസ്കാരം ലോകമെമ്പാടും വേരോടിക്കൊണ്ടിരിക്കുകയാണ്. ആഗോളവത്കരണത്തിന്റെ മൂല്യങ്ങൾ ഇവിടെ പ്രചരിപ്പിക്കുന്നതിൽ ബഹുരാഷ്ട്ര കുത്തക കമ്പനികൾ മത്സരമാണ്. ദൃശ്യ മാധ്യമങ്ങളിലൂടെ അതിന്റെ മൂല്യങ്ങൾ ഇവിടെ പ്രചരിപ്പിക്കുന്നതിൽ അവർ വിജയിക്കുകയും ചെയ്തിരിക്കുന്നു. സ്ത്രീയെ കേവലം പരസ്യവസ്തുവാക്കി മാറ്റി ചൂഷണം ചെയ്യുക എന്നതാണ് പുതിയ തന്ത്രം. വേശ്യാവൃത്തിയും സ്വവർഗരതിയുമൊക്കെ സാധൂകരിക്കുന്നതിലും അവയെ പ്രോത്സാഹിപ്പിക്കുന്നതിലും മാധ്യമങ്ങൾ തമ്മിൽ മത്സരിക്കുന്നത് ഈ തന്ത്രത്തിന്റെ ഭാഗമല്ലേ എന്ന് നാം സംശയിച്ചുപോകുന്നതും അതുകൊണ്ടുതന്നെ. ഇക്കാര്യം പക്ഷേ സ്ത്രീ മനസ്സിലാക്കാതെ പോകുന്നു. ഓരോ മതക്കാരും ജാതിക്കാരും വസ്ത്രം മതത്തിന്റെയും ജാതിയുടെയും ചിഹ്നവും അടയാളവുമായി മാറ്റുന്നത് മനുഷ്യമനസ്സുകളെ തമ്മിലകറ്റും. തന്റെ ഇഷ്ടപ്രകാരം ഒരു സ്ത്രീ വസ്ത്രം തെരഞ്ഞെടുക്കുന്നതും മറ്റുള്ളവരുടെ നിർബന്ധപ്രകാരം സ്വീകരിക്കേണ്ടിവരുന്നതും തമ്മിലുള്ള വ്യത്യാസം സ്ത്രീയുടെ സ്വാതന്ത്ര്യ പ്രശ്നമായി മാറുന്നു. സ്വന്തം ശരീരം പ്രദർശനവസ്തുവല്ല എന്ന് വസ്ത്രധാരണത്തിലൂടെ സ്ത്രീകൾക്ക് തെളിയിക്കാനാവും. മതത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്ത്രധാരണ രീതി മതം പ്രദർശനമാക്കുന്നതിന്റെ ഭാഗമായുണ്ടായ പുതിയൊരു സംസ്കാരമാണ്. ജാതിയും മതവും വേഷത്തിലൂടെ പ്രദർശിപ്പിക്കണമെന്നത് ചിന്താശക്തിയുള്ളവരുടെ ഉറക്കം കെടുത്തുന്നു എന്നുള്ളതാണ് സത്യാവസ്ഥ.

പുരുഷ സംഘടനകളുടെ വാലായി പ്രവർത്തിക്കുന്ന പല സ്ത്രീസംഘടനകളും വെറും നോക്കുകുത്തികളാണ് എന്നാണ് തെളിയിക്കപ്പെട്ടിട്ടുള്ളത്. പുരുഷന്മാരുടെ ഇടപെടൽ സ്വതന്ത്രമായ തീരുമാനമെടുക്കുന്നതിൽനിന്ന് അവരെ പുറകോട്ടു വലിക്കുന്നു. സ്ത്രീകളുടെ യഥാർഥ പ്രശ്നങ്ങൾ പഠിക്കാനും വിലയിരുത്താനും പരിഹാരം കാണാനും സഹായിക്കുന്ന തരത്തിലുള്ള പ്രവർത്തനം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അതിനെ പിന്തുണക്കാൻ ചിന്തിക്കുന്ന സ്ത്രീവിഭാഗം കൂടെയുണ്ടാവും. സ്ത്രീയും പുരുഷനും തോളോടു തോളുരുമ്മി ഒന്നിച്ചു നിന്ന് പ്രവർത്തിക്കേണ്ടവരാണെന്ന് ബോധവത്കരണം നടത്താൻ സ്ത്രീയോടൊപ്പം പുരുഷനും മുന്നിട്ടിറങ്ങിയാലേ സ്ത്രീപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളൂ. ■